**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** **04-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ തൊഴിൽ മേഖലകളിൽ സഹകരണ വകുപ്പിന്റെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ സേവനങ്ങളിലടക്കം പുതിയ തൊഴിൽ മേഖലകളിലെ തൊഴിലാളികളുമായി സഹകരിക്കാൻ സഹകരണമേഖലയെ പ്രാപ്തമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഓൺലൈൻ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്നവർ, ഷോപ്പുകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511 (കേരള സ്റ്റേറ്റ് ഷോപ്കോസ് ഫെഡ്) രജിസ്റ്റർ ചെയത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃത്തിയും, വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും, തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതോടൊപ്പം അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ പതിനാല് ജില്ലകളും (വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് ഒഴികെ) പ്രവർത്തന പരിധിയായി നിശ്ചയിച്ച് തിരുവനന്തപുരം ആസ്ഥാനമായി പലവക വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് ടി സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത്. |
| (ബി) | ഓൺലൈൻ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്നവർ, ഷോപ്പുകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ | (ബി) | ഉണ്ട്. കേരള സ്റ്റേറ്റ് ഷോപ്കോസ് ഫെഡ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഷോപ്പ് തൊഴിലാളികൾ, ഗിഗ് വർക്കർമാർ എന്നിവരെ |

| | | | |
|---|---|---|---|
| | എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫയർ സഹകരണ സംഘം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ; | | അംഗങ്ങളാക്കുന്നതിനും പരമാവധി ഓഹരി മൂലധനം സ്വരൂപിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിൽ സംഘം താൽക്കാലികമായ ആഫീസ് എടുത്ത് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ ആഫീസിനോട് ചേർന്ന് ഗിഗ് വർക്കർമാർക്ക് റിഫ്രഷ്മെന്റ് സെന്ററും പ്രവർത്തിച്ചു വരുന്നു. 2025 ജനുവരി 6 -ാം തീയതി മുതൽ കൊല്ലം കളക്ടറേറ്റിന് സമീപം ഗിഗ് വർക്കർക്കായി റിഫ്രഷ്മെന്റ് സെന്റർ തുറന്നു പ്രവർത്തനം നടത്തി വരുന്നു. കുട്ടികൾക്കാവശ്യമായ യൂണിഫോം, ആശുപത്രിയിലേയ്ക്കുള്ള യൂണിഫോം, ബെഡ്ഷീറ്റ്, പേപ്പർ, ബുക്ക് തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള ഒരു അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ സാധാരണക്കാരായ വിദ്യാർത്ഥികളെയും യുവാക്കളെയും തൊഴിലന്വേഷകരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി സഹകരണ വകുപ്പ് നൈപുണ്യ വികസന വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്. മൂന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖാന്തിരം ASAP-KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന വിവിധ കോഴ്സുകളിൽ വിദ്യാർത്ഥികൾക്കും, ഉദ്യോഗാർത്ഥികൾക്കും പരിശീലനം ലഭിക്കുന്നതിനുള്ള കോഴ്സ് ഫീ വായ്പയായി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ടി സ്ഥാപനങ്ങൾ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനും പ്രസ്തുത കോഴ്സിനു ശേഷം തിരിച്ചടവ് തുടങ്ങുന്നതിനുമാണ് നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. കോഴ്സ് ഫീസായി പരമാവധി ഒന്നര ലക്ഷം രൂപ ഈ പദ്ധതി പ്രകാരം അനുവദിക്കാവുന്നതാണ്. 10% ൽ അധികരിക്കാത്ത പലിശ നിരക്കും ലളിതമായ ജാമ്യ വ്യവസ്ഥകളുമാണ് ഈ വായ്പയ്ക്ക് നിശ്ചയിച്ചിട്ടുള്ളത്. കോഴ്സ് തീർന്ന് 6 മാസത്തിന് ശേഷമോ, ജോലി ലഭിച്ച് 3 മാസത്തിന് ശേഷമോ ഏതാണ് ആദ്യം വരുന്നത് അന്ന് മുതൽ ആണ് വായ്പ തുക തിരിച്ചടയ്ക്കേണ്ടത്. വായ്പാക്കാലാവധി വായ്പയായി നൽകുന്ന തുക അനുസരിച്ച് പരമാവധി 36 മാസമായിരിക്കും. വായ്പ ലഭിക്കേണ്ട വ്യക്തി താമസിക്കുന്ന പ്രദേശം പ്രവർത്തന പരിധിയായി വരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം/ ബാങ്കിൽ വേണം പ്രസ്തുത വായ്പ ലഭിക്കുന്നതിനായി സമീപിക്കേണ്ടത്. ടി വായ്പകൾക്ക് പ്രോസസിംഗ് ചാർജ്ജ് ഈടാക്കാൻ പാടില്ലയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പാതുക പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ്/ പ്രോസ്പെക്ടസ് എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം സ്ഥാപനത്തിന് നേരിട്ട് നൽകി |

| | | | |
|---|---|---|---|
| | | | ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്കും, വിദ്യാർത്ഥികൾക്കും തൊഴിൽ നേടുന്നതിനുള്ള ഒരു കൈതാങ്ങാവുന്നതിന് ടി പദ്ധതിയിലൂടെ സാധിക്കുന്നതാണ്. |
| (ഡി) | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കഴിയുന്നവിധം പുനർജനി പദ്ധതി വിപുലപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br><br>2024-2025 സാമ്പത്തിക വർഷത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി ഓഹരിയിനത്തിൽ 190.00 ലക്ഷം രൂപയും സബ്സിഡിയിനത്തിൽ 510.00 ലക്ഷം രൂപയും ചേർന്ന് 700.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ പുനർജ്ജനി പദ്ധതി നടപ്പിലാക്കുന്നതിന് 360.00 ലക്ഷം രൂപ നീക്കി വച്ചിട്ടുള്ളതാണ്. 2024-2025 സാമ്പത്തിക വർഷം പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തി 3 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ആകെ 62.75 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ 7 ജില്ലകളിലായി 15 സംഘങ്ങൾക്കും, 2023-24 സാമ്പത്തിക വർഷത്തിൽ 4 ജില്ലകളിലായി 10 സംഘങ്ങൾക്കും, 2024-25 സാമ്പത്തിക വർഷത്തിൽ ഇതുവരെ 3 സംഘങ്ങൾക്കും ഉൾപ്പെടെ ആകെ 28 സംഘങ്ങൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ